## 323

*രീതി: അന്ത്യനാളു വന്നുപോയി*

പാപികളെ രക്ഷചെയ്ത ദൈവസുതന്നൊരു നാമം
ദു:ഖമുള്ള മനുഷ്യനെന്നതിശയം! ഹല്ലേലുയ്യാ!

1 നിന്ദയും പരിഹാസവും തന്നുടെ മേലേറ്റുകൊ ു
കുറ്റവാളിയെന്നപോലെ നിൽക്കുന്നിതാ! യേശുനാഥൻ
തന്നുടയ രക്തം മൂലമെൻ മോചനം മുദ്രയിട്ട,
രക്ഷിതാവിന്നൊത്തവനാർ? ഹല്ലേലുയ്യാ-ഹല്ലേലുയ്യാ-

2 കുറ്റക്കാരും ദോഷികളും നിസ്സഹായരുമാം നമ്മൾ
കുറ്റമില്ലാക്കുഞ്ഞാടിനാൽ മോചിതരായ് തീർന്നിതല്ലോ
പൂർണ്ണപരിഹാരമെന്നതു ാകുവാൻ സാദ്ധ്യമാമോ?
കുഞ്ഞാടിനാൽ വന്നിതതു ഹല്ലേലുയ്യാ-ഹല്ലേലുയ്യാ-

3 മരണത്തിന്നായിട്ടവൻ ഉയർത്തപ്പെട്ടൊടുവിലായ്
നിവൃത്തിയായെന്നു ചൊന്നു മുറവിളിച്ചെന്നാകിലും
ഇപ്പോളവൻ സ്വർഗ്ഗത്തിന്റെ ഉന്നതസ്ഥലങ്ങളിൻമേൽ
ഉയർത്തപ്പെട്ടിരിക്കുന്നു ഹല്ലേലുയ്യാ-ഹല്ലേലുയ്യാ-

4 മഹത്ത്വത്തിൻ രാജാവായിട്ടവനിങ്ങു വരുന്നേരം
തന്റെ വൃതന്മാരെയെല്ലാം കൂട്ടിച്ചേർക്കുന്നവസരം
പാടും നമ്മളത്യുച്ചമാം ശബ്ദത്തിലിപ്പുതുഗാനം
രക്ഷിതാവിന്നൊത്തവനാർ! ഹല്ലേലുയ്യാ-ഹല്ലേലുയ്യാ- **K.V.S.**